ഉറപ്പുവരുത്തുന്നതിന് വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിതരണം നടക്കുന്ന ദിവസങ്ങളിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിലും, റേഷൻ മൊത്തവ്യാപാര ഡിപ്പോകളിലും സിവിൽസപ്ലൈസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ട്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽനിന്നും എടുക്കുന്ന റേഷൻ സാധനങ്ങൾ അനധികൃതമായി കടത്തിക്കൊണ്ടു പോകുന്നത് തടയാൻവേണ്ടി, വാഹനത്തിന്റെ മുന്നിലും പിന്നിലും 'റേഷൻ സാധനങ്ങൾ' ആണെന്ന് സൂചിപ്പിക്കുന്ന ബോർഡുകൾ വയ്ക്കുന്നുണ്ട്. കാർഡ് ഉടമകൾക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങളുടെ അളവും വിലയും പത്രത്തിൽ പരസ്യപ്പെടുത്തുകയും, റേഷൻ കടകളിൽ എഴുതി പ്രദർശിപ്പിക്കുകയും ചെയ്തുവരുന്നു. അർഹതപ്പെട്ട റേഷൻ സാധനങ്ങൾ ലഭിക്കുന്നതിന് തടസ്സം നേരിട്ടാൽ പരാതിപ്പെടുന്നതിന് റേഷൻ കടകളിൽ പരാതി പുസ്തകം സൂക്ഷിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് ഹെൽപ്പ്ലൈനിലും ഇതു സംബന്ധിച്ച പരാതി അറിയിക്കാവുന്നതാണ്. അപ്രകാരം അർഹതപ്പെട്ടർക്കുതന്നെ റേഷൻ സാധനങ്ങൾ കിട്ടുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. പൊതുവിതരണ ശൃംഖലവഴി വിതരണംചെയ്യുന്ന സാധനങ്ങളുടെ അളവ്, വില എന്നിവ പത്രമാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുന്നുണ്ട്. റേഷൻ സാധനങ്ങൾ കാർഡ് ഉടമകളുടെ കയ്യെത്തും ദൂരത്ത് ലഭ്യമാക്കുന്നതിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ റേഷൻ കടകളും അനുവദിക്കുന്നുണ്ട്.

(സി&ഡി) കണ്ണൂർ ജില്ലയിലെ പെരിങ്ങളം ഗ്രാമപഞ്ചായത്തിലെ മുക്കിൽ പീടിക (പുല്ലൂക്കര)യിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് കോഴിക്കോട് റീജീയണൽ മാനേജർ മുഖാന്തിരം സാദ്ധ്യതാപഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ വാണിജ്യപരമായും സാമൂഹികപരമായും ഗുണകരമല്ലാ എന്ന് റിപ്പോർട്ട് ലഭിച്ചതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

വിലക്കയറ്റം പിടിച്ചുനിർത്താനുള്ള നടപടികൾ

111 (125) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മാവേലി സ്റ്റോറുകളിലും, മറ്റ് പൊതുവിതരണ കേന്ദ്രങ്ങളിലും അരി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വില എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) നിത്യോപയോഗ സാധനങ്ങളുടെ 2010 ഡിസംബർ 31-ന്റെ വില നിലവാരം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) വിലക്കയറ്റം പിടിച്ചുനിർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിലവിലുണ്ടായിരുന്ന നിത്യോപയോഗ സാധനങ്ങളുടെ സപ്ലൈകോ വിലനിലവാരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ഇനവിവരം	മേയ്-2008 മാവേലി സ്റ്റോറിലെ വില
1	ചെറുപയർ	34.00
2	ഉഴുന്ന്	36.00
3	ഉഴുന്ന്(Split)	38.00
4	കടല	24.00
5	വൻപയർ	24.00
6	തുവരപ്പരിപ്പ്	29.00
7	പീസ്പരിപ്പ്	17.50
8	മുളക്	36.00
9	മല്ലി	30.00
10	ജീരകം	87.00
11	കടുക്	23.00
12	ഉലുവ	25.00
13	പഞ്ചസാര	20.00
14	പുഴുക്കലരി	12.40

(ബി) ഡിസംബർ 2010-ലെ സപ്ലൈകോ വിലകൾചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനവിവരം	ഡിസംബർ-2008 മാവേലി സ്റ്റോറിലെ വില
1	ചെറുപയർ	28.00
2	ഉഴുന്ന്	36.00
3	ഉഴുന്ന് (Split)	31.00
4	കടല	20.00
5	വൻപയർ	26.50
6	തുവരപ്പരിപ്പ്	34.00
7	പീസ്പരിപ്പ്	18.00
8	മുളക്	45.00
9	മല്ലി	39.00
10	ജീരകം	96.00
11	കടുക്	22.00
12	ഉലുവ	28.00
13	പഞ്ചസാര	25.00
14	പുഴുക്കലരി	12.70
15	പച്ചരി	12.70

LIBRARY ARCHIVES Kerala Legislative Assembly

(സി) വിലക്കയറ്റം തടയുന്നതിന് ഫലപ്രദമായ മാർക്കറ്റിടപെടൽ പദ്ധതിതന്നെ സിവിൽസപ്ലൈസ് കോർപ്പറേഷൻ തലത്തിൽ സംസ്ഥാനത്ത് നിലവിലുണ്ട്. ഇതനുസരിച്ച് :-

1. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

2. സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകൾ വഴിയും 12.70 രൂപയ്ക്ക് പുഴുക്കലരിയും പച്ചരിയും വിതരണം ചെയ്തുവരുന്നു.

3. പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട, ബോധന, പച്ചരി)-ക്ക് കിലോഗ്രാമിന് 18 രൂപ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

4. കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ വിലകൾക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 9 മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് ആവശ്യമായ വാഹനങ്ങൾ വാങ്ങിക്കഴിഞ്ഞു. ഇവ ഈ മാസം മുതൽ പ്രവർത്തനം ആരംഭിക്കും. നിലവിൽ ഇത്തരം 8 മൊബൈൽ മാവേലികൾ പ്രവർത്തിക്കുന്നുണ്ട്.

5. 4 വർഷം മുൻപ് സിവിൽസപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകളെ ആശ്രയിച്ചിരുന്നത് 52 ലക്ഷം ജനങ്ങളായിരുന്നു. ഇത് ഇപ്പോൾ ഒരു കോടിയിലധികമായി ഉയർന്നു. ഇത് സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ കൂടുതൽ ഫലപ്രദമാകുന്നതിന്റെയും സപ്ലൈകോയിൽ ജനങ്ങൾ കൂടുതലായി വിശ്വാസമർപ്പിക്കുന്നു വെന്നതിന്റെയും വ്യക്തമായ തെളിവാണ്.

6. ശാസ്ത്രീയമായ സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുകവഴി എല്ലാ വില്പനശാലകളിലും എല്ലാ സമയത്തും അവശ്യ സാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി, ഗുണ നിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

7. ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം സപ്ലൈകോയിൽ ഏർപ്പെടുത്തുകവഴി പൊതു വിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു.

8. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻകാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

9. ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുവാനായി റേഷൻകടകൾവഴി ഫോർട്ടിഫൈഡ് ആട്ട കിലോക്ക് 12 രൂപയ്ക്ക് വിതരണം നടത്തിവരുന്നു.

10. എ.ആർ.ഡി., ശബരി സ്റ്റോറുകൾ, തീരമൈത്രി സൂപ്പർമാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. മേൽപ്പറഞ്ഞ നടപടികൾവഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിക്കുകയും അതുവഴി പൊതുവിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു.

11. അരിയും പലവ്യജ്ഞനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിലും സപ്ലൈകോ ഇടപെടുന്നു. FMCG സാധനങ്ങൾ MRP-യേക്കാളും ശരാശരി 3-7% വിലക്കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട-കുത്തക കച്ചവടക്കാരെ MRP-ൽനിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാകുകയും ചെയ്യുന്നു.

12. പൊതുവിപണിയിലേതിനെക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി എന്നിവ 'ശബരി' എന്ന പേരിൽ വിപണിയിൽ വില്പന നടത്തിവരുന്നു.

13. ഉത്സവകാലങ്ങളിലെ വിലവർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു. വരുന്ന ഓണക്കാലത്ത് എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രത്യേക ഓണച്ചന്തകൾ/ഫെയറുകൾ ഉണ്ടായിരിക്കും.

14. ലേബർ ബ്യൂറോ ഓഫ് ഇന്ത്യ പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചികപ്രകാരം വിലനിലവാരം ഏറ്റവും കുറവുള്ള രാജ്യത്തെ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

15. പച്ചക്കറികളുടെ വിലയിൽ ഉണ്ടായേക്കാവുന്ന വില വർദ്ധനവ് തടയുന്നതിലേക്കായി സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും എല്ലായിനം പച്ചക്കറികളും പൊതുവിപണി വിലയേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തിവരുന്നുണ്ട്.

16. കൂടാതെ സംസ്ഥാനത്തെ 40 ലക്ഷം കാർഡുടമകൾക്ക് 2 രൂപാ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തുവരുന്നു.

കോന്നിയിലെ ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനം

112 (126) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. ബി. രാഘവൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly